LIBRARY ARCHIVES Kerala Legislative Assembly

കൈക്കൂലി വാങ്ങുന്ന സർക്കാർ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി

53 [2539] ശ്രീ. സി. പി. മുഹമ്മദ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
" അടൂർ പ്രകാശ്:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ കൈക്കൂലി വാങ്ങുമ്പോഴോ വാങ്ങിയ ഉടനെയോ കുറ്റകൃത്യം കണ്ടുപിടിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഈ സംഭവങ്ങളിൽ എത്ര ഗസറ്റഡ് ഉദ്യോഗസ്ഥൻമാരും വകുപ്പ് മേധാവികളും ഉണ്ട്;

(സി) ഈ കാലയളവിൽ സർക്കാർ ഓഫീസുകളും സർക്കാർ ഉദ്യോഗസ്ഥൻമാരുടെ വീടുകളും റെയ്ഡ് ചെയ്ത കണക്കിൽപ്പെടാത്ത എന്ത് തുക പിടിച്ചെടുത്തു എന്നറിയിക്കാമോ;

(ഡി) ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 134

(ബി) 50 ഗസറ്റഡ് ഉദ്യോഗസ്ഥൻമാരും ഒരു വകുപ്പ് മേധാവിയും ഉൾപ്പെട്ടിട്ടുണ്ട്.

(സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

ഹൈവേ പട്രോളിംഗിലേയും ട്രാഫിക്കിലേയും ഉദ്യോഗസ്ഥൻമാരുടെ അഴിമതി അവസാനിപ്പിക്കുവാൻ നടപടി

54 [2540] ശ്രീ. വർക്കല കഹാർ:
" ടി. യു. രാധാകൃഷ്ണൻ:
" കെ. എ. ചന്ദ്രൻ:
" എം. മുരളി:
" കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് ഐ.ജി. എത്ര പ്രാവശ്യം വേഷം മാറി ഹൈവേ പട്രോളിംഗ് സംവിധാനത്തിന്റെ പ്രവർത്തനത്തെയും കാര്യക്ഷമതയേയും നേരിട്ട് മനസ്സിലാക്കിയിട്ടുണ്ട്;

(ബി) ഇപ്രകാരം വേഷം മാറി ഹൈവേ പട്രോളിംഗിന്റെ പ്രവർത്തനത്തേയും കാര്യക്ഷമതയേയും പരിശോധിക്കുവാനുള്ള കാരണം എന്താണ്;

(സി) ഹൈവേ പട്രോളിംഗിലുള്ള ചിലരെങ്കിലും കൈക്കൂലി വാങ്ങുന്ന വരാണെന്ന് ഐ.ജി.-ക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഹൈവേ പട്രോളിംഗിലേയും ട്രാഫിക്കിലേയും ഉദ്യോഗസ്ഥൻമാരുടെ അഴിമതി അവസാനിപ്പിക്കാൻ ഫലപ്രദമായ എന്തെല്ലാം നടപടികളെടുത്തു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 10 പ്രാവശ്യം

(ബി) ഹൈവേ പോലീസിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ കൃത്യ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് വേണ്ടിയാണ്.

(സി) ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഹൈവേ പോലീസിലെയും ട്രാഫിക്കിലേയും ഉദ്യോഗസ്ഥരെയും മറ്റും ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥർ സംസ്ഥാനത്തുടനീളം മിന്നൽ പരിശോധനയ്ക്ക് വിധേയമാക്കുന്നത് വ്യാപകമാക്കിയിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിശോധിച്ച് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്.

ഹൈവേ പോലീസിന്റെ പ്രവർത്തനങ്ങളെക്കുറിച്ച്, മാധ്യമങ്ങളിലൂടെയും, മീഡിയകളിലൂടെയും പൊതുജനങ്ങൾക്ക് അറിവ് കൊടുത്തിട്ടുള്ളതും ഇതു സംബന്ധിച്ച പരാതികൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥരെ അറിയിക്കണമെന്ന കാര്യത്തെപ്പറ്റി ബോധവാൻമാരാക്കിയിട്ടുള്ളതുമാണ്.

എസ്.എൻ.സി. ലാവലിനെ സംബന്ധിച്ച് അന്വേഷണം

55 [2541] ശ്രീ. കെ. മോഹനൻകുമാർ:
„ തമ്പാനൂർ രവി:
„ എ. പി. അനിൽകുമാർ:
„ ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനേഡിയൻ കമ്പനിയായ എസ്.എൻ.സി. ലാവലിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിലുള്ള വൈദ്യുതി പദ്ധതികൾ പുനരുദ്ധരിക്കുന്നതിന്റെ കോൺട്രാക്ട് കൊടുത്തതുമായി ബന്ധപ്പെട്ടുള്ള സംസ്ഥാന പോലീസ് വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത വിജിലൻസ് അന്വേഷണത്തിൽ ആരുടെയെല്ലാം പങ്കാണ് അന്വേഷണ വിധേയമാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly